## പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1277 — 11.02.2016 ൽ മറുപടിയ്ക്ക്

### പെട്രോൾ/ ഡീസൽ പമ്പുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് കേരള സ്റ്റേറ്റ് സിവിൽ സപ്ളൈസ് കോർപ്പറേഷൻ നടത്തി വന്ന ഏതൊക്കെ പെട്രോൾ/ഡീസൽ പമ്പുകളാണ് ഐ.ഒ.സി/ബി.പി/ എച്ച്.പി എന്നീ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുള്ളത്; അവയുടെ പേര് വിവരം നൽകുമോ; | (എ) പൊതുമേഖലാ സ്ഥാപനമായ ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ ലിമിറ്റഡ് സപ്ലൈകോയെ താത്കാലികമായി ഏൽപ്പിച്ചിരുന്ന കോട്ടയം ജില്ലയിലെ വാകത്താനം, തിരുവനന്തപുരം ജില്ലയിലെ പള്ളിച്ചൽ എന്നിവിടങ്ങളിലുള്ള 2 പെട്രോൾ പമ്പുകൾ ഐ.ഒ.സി.എൽ. തന്നെ തിരിച്ചെടുത്തിട്ടുണ്ട്. ഇവ സപ്ലൈകോ നേരിട്ട് കൈമാറിയിട്ടുള്ളതല്ല. മറിച്ച് ഐ.ഒ.സി.എൽ. ന്റെ അധികാരപരിധിയിൽപ്പെട്ട കാര്യമാണ്. |
| (ബി) സംസ്ഥാനത്ത് എവിടെയെങ്കിലും കേരള സ്റ്റേറ്റ് സിവിൽ സപ്ളൈസ് കോർപ്പറേഷന്റെ കീഴിൽ പുതുതായി പെട്രോൾ/ഡീസൽ പമ്പുകൾ ആരംഭിക്കുന്നതിനായോ ഏതെങ്കിലും പ്രമുഖ പൊതുമേഖലാ എണ്ണ കമ്പനികളുമായി ചേർന്ന് അവരുടെ സംസ്ഥാനത്തുള്ള പമ്പുകൾ ഏറ്റെടുത്ത് നടത്തുന്നതിനായോ ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദവിവരം നൽകാമോ; | (ബി) പൊതുമേഖലാ എണ്ണക്കമ്പനികളുമായി പുതിയ പെട്രോൾ ബങ്കുകൾ ആരംഭിക്കുന്നതിനുള്ള സാധ്യതകൾ ആരാഞ്ഞിട്ടുണ്ട്. |
| (സി) മായമില്ലാതെ പെട്രോൾ/ഡീസൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കാൻ കേരള സ്റ്റേറ്റ് സിവിൽ സപ്ളൈസ് കോർപ്പറേഷൻ നടപടി സ്വീകരിക്കുമോ? | (സി) മായമില്ലാത്ത പെട്രോളും, ഡീസലുമാണ് സപ്ലൈകോ പെട്രോൾ ബങ്കുകൾ വഴി വിതരണം ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ